പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 287 — 09.03.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിന്റെ നടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ടി.വി.രാജേഷ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസ് ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വിനോദപരിപാടി സംഘടിപ്പിച്ചത് ആരാണ്; | (എ) ദേശീയ ഗെയിംസ് സംഘാടക സമിതിയാണ് വിനോദപരിപാടികൾ സംഘടിപ്പിച്ചത്. |
| (ബി) വിനോദപരിപാടിയുടെ പ്രതിഫലമായി ആർക്കെല്ലാം എത്ര തുകവീതം നൽകുകയുണ്ടായി; ആരെങ്കിലും പ്രതിഫല തുക തിരികെ നൽകുകയുണ്ടായോ; എങ്കിൽ ആരെല്ലാം; എത്ര തുക; ഇതിനിടയായ സാഹചര്യം എന്തായിരുന്നു;<br><br>(സി) പ്രതിഫല തുക തിരിച്ച് വാങ്ങേണ്ടതില്ലെന്ന് മന്ത്രിസഭ തീരുമാനിച്ചത് ആരുടെയെല്ലാം കാര്യത്തിലാണ്; ആയതിന്റെ കാരണം വെളിപ്പെടുത്താമോ;<br><br>(ഡി) മോഹൻലാലിൽ നിന്ന് പണം തിരികെ വാങ്ങേണ്ടതില്ലെന്ന മന്ത്രിസഭാ തീരുമാനം, ഉത്തരവുവഴി സി.ഇ.ഒ.യെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പണം കൈപ്പറ്റാതെ തിരിച്ചയക്കാതിരുന്നത് എന്തുകൊണ്ടാണ്; സഞ്ചിതനിധിയിൽ നിന്നുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച ഏത് വ്യവസ്ഥ പ്രകാരമാണ് മന്ത്രിസഭയുടെ പ്രസ്തുത തീരുമാനം; | (ബി), (സി), (ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ശ്രീ.മോഹൻലാലിന് നൽകിയ പ്രതിഫലത്തുകയായ 1,63,77,600/- രൂപ (ഒരു കോടിഅറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുനൂറു രൂപ മാത്രം) തിരികെ നൽകുകയുണ്ടായി. ഏതു സാഹചര്യത്തിലാണ് തുക തിരികെ നൽകുന്നതെന്ന അദ്ദേഹം സൂചിപ്പിച്ചിട്ടില്ല.<br><br>& (ഇ) മോഹൻലാലിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച പരിപാടിയെക്കുറിച്ച് ക്രൂരമായ വിമർശനങ്ങളാണ് ചില കോണുകളിൽനിന്ന് ഉയർന്നുവന്നത്. ഇതിൽ വേദനിച്ച മോഹൻലാൽ വാങ്ങിയ തുക തിരിച്ചു നൽകാൻ തീരുമാനിക്കുകയും അക്കാര്യം ഇ-മെയിൽ വഴി സർക്കാരിനെ അറിയിക്കുകയും ചെയ്തു. മോഹൻലാലിനെപ്പോലെയുള്ള ഒരു മഹാനടനോട് തുക തിരിച്ചുവാങ്ങുന്നത് ഉചിതമല്ലെന്ന നിലപാടാണ് സർക്കാരിനു ണ്ടായിരുന്നത്. സർക്കാരിന്റെ ഈ നിലപാട് ബഹു.മുഖ്യമന്ത്രിയും സ്പോർട്സ് വകുപ്പ് മന്ത്രിയും മോഹൻലാലിനെ സന്ദർശിച്ച വേളയിൽ അദ്ദേഹത്തെ അറിയിച്ചെങ്കിലും തുക തിരിച്ചു നൽകാനുള്ള തീരുമാനത്തിൽനിന്നും പിൻമാറാൻ അദ്ദേഹം തയ്യാറായില്ല. വാങ്ങിയ തുക ശ്രീ.മോഹൻലാൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് തിരിച്ചു നൽകി. |

(ഇ) പ്രതിഫലതുക തിരികെ വാങ്ങണമെന്ന അഭ്യർത്ഥനയുമായി മുഖ്യമന്ത്രിയും കായിക വകുപ്പ് മന്ത്രിയും ആരെയെല്ലാം നേരിട്ട് കാണുകയുണ്ടായി; തിരിച്ചയച്ച പണം ശ്രീ. മോഹൻലാൽ സ്വീകരിക്കുകയുണ്ടായോ ; കൂടിക്കാഴ്ചയിൽ എന്തെങ്കിലും കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ശ്രീ. മോഹൻലാലിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കാമോ;

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം നടപടികളിൽ വീഴ്ച ഉണ്ടായിട്ടുണ്ട്; ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; മന്ത്രിസഭാ യോഗത്തിൽ, ചെയർമാനും ആക്ടിംഗ് ചെയർമാനും വീഴ്ചകളിലുണ്ടായതായ പങ്ക് വിലയിരുത്തിയിട്ടുണ്ടോ?

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച നടപടികളിൽ വീഴ്ച വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

# Payments so far effected for artists in the Opening and Closing Ceremonies of the 35th National Games

| Sl No | Artists engaged | Payment so far effected (Rs) (Inclusive of Service Tax) |
|---|---|---|
| 1. | Shri Vineeth | 22,47,200.00 |
| 2. | Shri Mattannoor Shankarankutty | 6,17,980.00 |
| 3. | Shri Karunamoorthy | 2,35,956.00 |
| 4. | Shri Sharreth | 16,85,400.00 |
| 5. | Kumari Shobhana | 22,47,200.00 |